I ഇ.ബി. XIII – കേരള നിയമസഭ/II-5

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 സെപ്റ്റംബർ 30, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**29-06-2010-ലെ നക്ഷത്രചിഹ്നമിടാത്ത 38-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 29-06-2010-ലെ നക്ഷത്രചിഹ്നമിടാത്ത 38-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം**

**യുവജന-വിദ്യാർത്ഥി പ്രകടനത്തിനുനേരെയുണ്ടായ പോലീസ് മർദ്ദനം**

മി. സ്പീക്കർ: കൊട്ടാരക്കര വാളകം ആർ.വി.എച്ച്.എസ്.എസ്. അദ്ധ്യാപകൻ ശ്രീ. കൃഷ്ണകുമാറിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതിൽ പ്രതിഷേധിച്ച് ഇന്നലെ വാളകത്ത് നടന്ന യുവജന-വിദ്യാർത്ഥി പ്രകടന

ത്തിനുനേരെയുണ്ടായ പോലീസ് മർദ്ദനത്തെത്തുടർന്ന് നിരവധി വിദ്യാർത്ഥി-യുവജനങ്ങൾക്ക് പരിക്കേല്ക്കുകയും ഏതാനുംപേരെ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ആ പ്രദേശത്ത് ഇപ്പോഴും നിലനില്ക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. മുല്ലക്കര രത്നാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ, ശ്രീമതി പി. അയിഷാ പോറ്റി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 27-09-2011-ന് രാത്രി 10.45-ന് ഗുരുതരമായി പരിക്കേറ്റ് റോഡ് സൈഡിൽ കിടന്നിരുന്ന കൊട്ടാരക്കര വാളകം ആർ.വി.എച്ച്.എസ്.എസ്. അദ്ധ്യാപകനായ ശ്രീ. കൃഷ്ണകുമാറിനെ ഹൈവേ പട്രോളിംഗ് പോലീസ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയും പരിക്കിന്റെ കാഠിന്യംകാരണം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു. ശ്രീ. കൃഷ്ണകുമാറിനെ അപകടപ്പെടുത്തിയതിൽ പ്രതിഷേധിച്ച് 28-ാം തീയതി വാളകം പ്രദേശത്ത് എൽ.ഡി.എഫ്. പ്രവർത്തകർ ഹർത്താലും പ്രതിഷേധ യോഗങ്ങളും നടത്തി. 29-ാം തീയതി എ.ഐ.വൈ.എഫ്. പ്രവർത്തകർ പ്രകടനമായി വാളകം ജംഗ്ഷനിൽ എത്തി റോഡ് ഉപരോധിക്കുകയുണ്ടായി. ഈ സമയം എസ്.എഫ്.ഐ. പ്രവർത്തകർ പ്രകടനമായി അവിടെയെത്തി കെ.എസ്.ആർ.ടി.സി. ബസുകൾക്ക് നേരെ കല്ലെറിഞ്ഞ് രണ്ട് ബസുകൾക്ക് കേടുപാടുകൾ വരുത്തി. അക്രമാസക്തരായ പ്രവർത്തകരെ കുണ്ടറ സി.ഐ. യും

സംഘവും ചേർന്ന് ലാത്തിവീശി പിരിച്ചുവിടുകയും 13 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. സംഘർഷത്തിനിടയിൽ ഒരു വിഭാഗം എസ്.എഫ്.ഐ. പ്രവർത്തകർ സ്കൂളിന്റെ ഫർണിച്ചറുകൾ നശിപ്പിച്ചതിന് അഞ്ചൽ പോലീസ് രണ്ട് കേസുകൾ എടുത്തിട്ടുണ്ട്. പരിക്കേറ്റ ഒൻപത് എസ്.എഫ്.ഐ./ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ കൊട്ടാരക്കര താലൂക്ക് ആശുപത്രി യിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കേസന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിക്കുകയും ഇന്നലെ ഐ.ജി. നേരിട്ട് സ്ഥലത്തെത്തി അന്വേഷണ ത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് ശക്തമായ ശ്രമങ്ങൾ നടക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർക്കാർ ഈ സംഭവം ഗൗരവമായി എടുക്കാത്തതാണ് നാട്ടുകാരുടെ പ്രതിഷേധത്തിനിടയാക്കിയത്. ശരീരത്തിന്റെ പല ഭാഗങ്ങളിലും ആന്തരാവയവങ്ങളിലും ഗുരുതരമായ മുറിവുകളോടുകൂടി യാണ് ശ്രീ. കൃഷ്ണകുമാറിനെ റോഡ്സൈഡിൽ കണ്ടെത്തിയത്. പ്രതിഷേധമുണ്ടാകുന്ന സാഹചര്യത്തിൽ അത് ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ശ്രീ. കൃഷ്ണ കുമാർ അബോധാവസ്ഥയിൽ ആശുപത്രിയിൽ കിടക്കുകയാണ്. ശ്രീ. കൃഷ്ണകുമാറിനോട് ആകെ വിരോധമുള്ളത് ആർ.വി.എച്ച്.എസ്.എസ്. മാനേജ്മെന്റിന് മാത്രമാണെന്നാണ് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞത്. അതനുസരിച്ച് സ്കൂൾ മാനേജ്മെന്റിനെയാണ് ആദ്യം ചോദ്യം ചെയ്യേണ്ടത്. നീതി എന്നത് ജനങ്ങൾക്കുകൂടി ബോധ്യപ്പെടണം. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള ജയിലിൽ കിടക്കുന്ന ഒരു കുറ്റവാളിയാണ്. അദ്ദേഹം പരസ്യമായി

മാധ്യമങ്ങളോട് സംസാരിക്കുകയുണ്ടായി. ശ്രീ.ആർ.ബാലകൃഷ്ണപിള്ള യുമായി ദീർഘകാലം സൗഹൃദമുണ്ടായിരുന്ന ശ്രീ. കൃഷ്ണകുമാർ, ഭാര്യ ശ്രീമതി കെ.ആർ. ഗീതയ്ക്ക് പ്രധാനാദ്ധ്യാപികയായി പ്രൊമോഷൻ കൊടു ക്കാത്തതിന്റെ പേരിൽ മാനേജ്മെന്റിനെതിരെ കോടതിയെ സമീപിച്ച് നിയമനം വാങ്ങി. ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കുകയാണ്. കേസന്വേഷണം ഗൗരവമായ തരത്തിൽ നടന്നാൽ മാത്രമേ നീതി ലഭ്യമാകുകയുള്ളൂ. അതിനാൽ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സഭയിൽ ഈ സംഭവത്തെക്കുറിച്ച് 28-09-2011, 29-09-2011 എന്നീ തീയതികളിൽ മറുപടി പറഞ്ഞത് സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെയാണ്. ഈ കേസിന്റെ നേരിട്ടുള്ള അന്വേഷണത്തിന് ഡിവൈ.എസ്.പി.യെയും ഐ.ജി.യേയും ചുമതലപ്പെടുത്തുകയും പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അക്രമത്തിന്റെ സ്വഭാവം ചിന്തിക്കാൻപോലും കഴിയാത്ത തരത്തിലുള്ളതാണ്. അക്രമത്തിനിരയായ അദ്ധ്യാപകന്റെ മൊഴി എടുക്കാൻ കഴിയാത്തതാണ് കേസന്വേഷണത്തിന് തടസ്സമായി നിൽക്കുന്നത്. മൊഴിയെടുക്കുന്നതിന് പറ്റിയ ആരോഗ്യ സ്ഥിതിയിൽ അദ്ദേഹം എത്തിയിട്ടില്ല. കുറ്റവാളികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : അടിയന്തര പ്രമേയത്തിന്റെ വിഷയത്തോട് ഗവൺമെന്റ് ലാഘവബുദ്ധിയോടെയുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ പ്രശ്നത്തിന് ഉത്തരവാദികളായ വരെ കണ്ടെത്താൻ യാതൊരു അന്വേഷണവും നടക്കുന്നില്ല. സുപ്രീംകോടതി ശിക്ഷിച്ച് തടവിൽ കഴിയുന്ന ശ്രീ. ആർ.ബാലകൃഷ്ണപിള്ള ഫോണിലൂടെ പത്രപ്രവർത്തകരുമായും മറ്റും സംസാരിക്കുന്നതിനുപുറമെ മുഖ്യമന്ത്രി യോടും സംസാരിക്കുന്നത് ഏത് ചട്ടമനുസരിച്ചാണെന്ന് വ്യക്തമാക്കണം. ഇത്രയും ക്രൂരവും നിന്ദ്യവുമായ പ്രവർത്തിയെ സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തുവാൻ കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കണം. അതുസംബന്ധിച്ച മറുപടി ലഭിക്കുന്നതുവരെ അതിശക്തമായി പ്രതിഷേധിക്കാൻ പ്രതിപക്ഷം ഒന്നടങ്കം സഭയ്ക്കകത്ത് കുത്തിയിരിക്കാൻ പോകുകയാണ്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയ്ക്കകത്ത് കുത്തിയിരിക്കുകയും മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കു കയും ചെയ്തു.)

മി. സ്പീക്കർ : നിയമസഭാതലം സമരവേദിയാക്കുന്നതിനെതിരെ റൂളിംഗുകൾ നിലവിലുണ്ട്. സഭയ്ക്കകത്ത് കുത്തിയിരിക്കുന്നത് ജനാധിപത്യ മാർഗ്ഗങ്ങൾക്ക് യോജിച്ചതല്ല. ഈ നിലയിൽ സഭാനടപടികൾ നടത്തിക്കൊ ണ്ടുപോകാൻ ബുദ്ധിമുട്ടാണ്. ഇത് നിർഭാഗ്യകരമായ അവസ്ഥയിലേക്ക് കൊണ്ടു പോകുമെന്നുള്ളത് ഖേദപൂർവ്വം അറിയിക്കുകയാണ്. സഭ നടത്തിക്കൊണ്ടുപോകാൻ കഴിയാത്തതിനാൽ ഇപ്പോൾ പിരിയുകയാണ്.

സഭ രാവിലെ 10.10-ന് പിരിഞ്ഞു.